## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3224 24.02.2016-ൽ മറുപടിക്ക്

**ഹാർബർ എഞ്ചിനീയറിംഗ് കാര്യക്ഷമമാക്കുന്നതിന് പദ്ധതി**

| ചോദ്യം | | | മറുപടി |
|---|---|---|---|
| | ശ്രീ.കെ.അച്ചുതൻ<br>" ഡൊമിനിക് പ്രസന്റേഷൻ<br>" എ.റ്റി.ജോർജ്ജ്<br>" കെ.എസ്.ശബരീനാഥൻ | | **ശ്രീ.കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി)** |
| (എ) | ഹാർബർ എഞ്ചിനീയറിംഗ് ശക്തിപ്പെടുത്തുന്നതിനും കാര്യക്ഷമമാക്കുന്നതിനും കർമ്മപദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടോ; | (എ) | ഹാർബർ എഞ്ചിനീയറിംഗ് മേഖല ശക്തിപ്പെടുത്തുന്നതിനും കാര്യക്ഷമമാക്കുന്നതിനും കർമ്മപദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ട്. തീരദേശ മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമാക്കിക്കൊണ്ട് മത്സ്യബന്ധന തുറമുഖങ്ങളുടെ വികസനം, മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രങ്ങളുടെ വികസനം, തീരദേശ റോഡുകളുടെയും പാലങ്ങളുടെയും നിർമ്മാണം/നവീകരണം എന്നിവ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നു.<br><br>ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ശക്തപ്പെടുത്തുന്നതിന്റെ ഭാഗമായി തൃശ്ശൂർ ഒഴികെ തീരദേശമുള്ള എല്ലാ ജില്ലകളിലും എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയങ്ങളുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൊല്ലത്തും ബേപ്പൂരും (കോഴിക്കോട്) ഗവേഷണ പഠന കേന്ദ്രങ്ങൾ, ഗുണനിലവാര പരിശോധനകേന്ദ്രങ്ങൾ എന്നിവയ്ക്കായുള്ള ഇൻവെസ്റ്റിഗേഷൻ സബ് ഡിവിഷൻ കാര്യാലയങ്ങളുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.<br><br>തുറമുഖ, ഫിഷറീസ്. ടൂറിസം വകുപ്പുകളുടെ സർവ്വീസ് വകുപ്പായ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ഇപ്പോൾ തദ്ദേശസ്വയം ഭരണ വകുപ്പ് മുഖേന നടപ്പിലാക്കുന്ന തീരദേശ മേഖലയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കുള്ള സർവ്വീസ് വകുപ്പായും പ്രവർത്തിച്ചുവരുന്നു.<br><br>പദ്ധതി പ്രവൃത്തികളുടെ പുരോഗതി നിരീക്ഷിക്കുന്നതിനും വിലയിരുത്തുന്നതിനുമായി ഐ-പ്രോമിസ് പ്രോഗ്രാം നടപ്പിലാക്കിയതിനു പുറമേ എസ്റ്റിമേറ്റുകൾ കുറ്റമറ്റ രീതിയിലും വേഗത്തിലും തയ്യാറാക്കുന്നതിന് പ്രൈസ് സോഫ്റ്റ് വെയർ നടപ്പിലാക്കിവരുന്നു. കൂടാതെ ഈ വകുപ്പിന്റെ മാന്വൽ പരിഷ്കരിക്കുന്ന നടപടികൾ നടന്നു വരുന്നു. മാത്രവുമല്ല 5 ലക്ഷം രൂപയ്ക്ക് മുകളിൽ എസ്റ്റിമേറ്റ് തുക വരുന്ന പ്രവൃത്തികൾ ഇ-ടെൻഡർ മുഖേനയാക്കിയതു വഴി വളരെ കുറഞ്ഞ സമയത്തിനുള്ളിൽ മത്സരസ്വഭാവമുള്ള ഓഫറുകൾ ലഭിക്കുവാനിടയാക്കി. ഇവയൊന്നും കൂടാതെ ഇഫക്റ്റീവ് മാനേജ്മെന്റ് ഇൻ ലെറ്റർ ഓഫ് ക്രെഡിറ്റ് ഇഷ്യൂവൽ |

| | | | |
|---|---|---|---|
| | | | സംവിധാനം ഏർപ്പെടുത്തിയതു വഴി യഥാസമയത്തിനും മുൻഗണനാ ക്രമത്തിലും കരാറുകാർക്ക് പേയ്മെന്റ് ശുപാർശ ചെയ്യുവാനും സാധിക്കുന്നു. |
| (ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; | (ബി) | തീരദേശ മേഖലയുടെ സമഗ്രമായ വികസനവും ഉന്നമനവും കൈവരിക്കുവാനാണ് ഉദ്ദേശിക്കുന്നത് |
| (സി) | ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;വ്യക്തമാക്കാമോ? | (സി) | പദ്ധതികൾ യഥാസമയം നടപ്പിലാക്കുവാൻ എല്ലാ മാസവും വിവിധ തലങ്ങളിൽ അവലോകന യോഗങ്ങൾ നടത്തി പ്രശ്നങ്ങൾ പരിഹരിച്ച് നിശ്ചിത കാലവധിയ്ക്കുള്ളിൽ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ